കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# ചെറുകോൽ ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19

**കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**
e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

**ഭരണഭാഷ-മാതൃഭാഷ**

കെ.എസ്.എ.പിറ്റിഎ.പി8/01/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645

ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 04.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
ചെറുകോൽ ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: ചെറുകോൽ ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ ചെറുകോൽ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരി ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേ പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റ വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്ത പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ത ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവു 21(1),(2) എന്നിവ കാണുക)

വിശ്വസ്തത

ഡെപ്യൂട്ടി റ

കേരള സംസ്ഥാന ഓഡിറ്റ
പത്ത

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ.പിറ്റി.എ പി8-1/2020 തീയതി: 04.01.2020

**പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓ( നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാ പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2018 മുതൽ 14.12.2019 തീയതി വരെ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപന ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭ് ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, ന ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവു

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | പി.കെ വിജയലക്ഷ്മി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.12.2019 മുതൽ 30.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി സി.വീണ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ദീപ.എസ്സ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി അശ്വതി. വി.നായർ | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പി.ജി.ഉഷാകുമാരി | 01.04.2018 മുതൽ 03.07.2018 വരെ |
| | ശ്രീ. വി.പി.ഗോപി, വൈസ് പ്രസിഡന്റ്(ഇൻ ചാർജ്ജ്) | 04.07.2018 മുതൽ 06.08.2018 വരെ |
| | ശ്രീമതി. അന്നമ്മ ജോസഫ് | 07.08.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ജെ.വി. നോയൽ രാജ് | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ. എൻ.പ്രസാദ്, അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറിയുടെ ചുമതല) | 01.06.2018 മുതൽ 21.06.2018 വരെ |
| | ശ്രീ.അനിൽ വി.എൻ | 22.06.2018 മുതൽ 31.03.2019 വരെ |
| **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എൻ.പ്രസാദ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. പി. പ്രദീപ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-അലോപ്പതി | ഡോ. രാജേഷ് കോശി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. ബോബി.എം.ഐ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | 1)ശ്രീമതി. സി.എൻ രാധാമണി | 01.04.2018 മുതൽ 19.08.2018 വരെ |
| | 2)ശ്രീ. സുനിൽകുമാർ കെ.യു | 20.08.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ ഗിരീഷ് എച്ച് | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | പ്രമോദ് ചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1)ശ്രീ. രാജീവ്.ആർ | 01.04.2018 മുതൽ 15.06.2018 വരെ |
| | 2)ശ്രീമതി സൂസൻ ജേക്കബ് | 16.06.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി സൈറ ഇസ്മായിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. അനുമോൾ. ആർ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | അനധികൃത മതിൽ നിർമ്മാണം - തുടർനടപടികൾ പൂർണ്ണമായിട്ടില്ല | 1-12 |
| 13 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-13 |
| 14 | ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം | 1-14 |
| 15 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-15 |
| 16 | വസ്തുനികുതി പിരിവ് - സഞ്ചയ സോഫ്റ്റ്‌വെയർ, സാംഖ്യ എന്നിവയിൽ വ്യത്യാസം നിലനിൽക്കുന്നു | 1-16 |
| 17 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 1-17 |
| 18 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-18 |
| 19 | വിവരസാങ്കേതിക വകുപ്പിന്റെ “Right of Way”അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകി | 1-19 |
| 20 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-20 |
| 21 | ഭൂവികസനപെർമിറ്റ് ഫീസിലെ കുറവ് - ഈടാക്കി | 1-21 |
| 22 | ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം | 1-22 |
| 23 | അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ ഇല്ല | 1-23 |
| 24 | ഗവ. എൽ.പി.എസ് കീക്കൊഴൂർ- മെയിന്റനൻസിലെ അപാകതകൾ | 1-24 |

| | | |
|---|---|---|
| 25 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ്-രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-25 |
| 26 | അഗതിരഹിതകേരളം- പദ്ധതിപ്രവർത്തനത്തിന് പുരോഗതിയില്ല | 1-26 |
| 27 | ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-27 |
| 28 | ഫണ്ട് അപര്യാപ്തം - ക്ഷീരകർഷകർക്ക് പാലിന് പരമാവധി സബ്സിഡി നൽകാനായില്ല | 1-28 |
| 29 | പൊതു ശ്മശാന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-29 |
| 30 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-30 |
| 31 | വനിതാ ഘടക പദ്ധതി - ഉദ്ദേശ്യം സാക്ഷാത്കരിച്ചില്ല | 1-31 |
| 32 | പി.എച്ച്.സി ക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-32 |
| 33 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-33 |
| 34 | സാക്ഷരത-തുല്യതാപരീക്ഷയുടെ വിനിയോഗസാക്ഷ്യപത്രം ഇല്ല | 1-34 |
| | **ഭാഗം 2** | |
| 35 | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | 2-1 |
| | **ഭാഗം 3** | |
| 36 | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | 3-1 |
| | **ഭാഗം-4** | |
| | **പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 37 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 42 | സ്ഥിര നിക്ഷേപം | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം -1

# പൊതു അവലോകനം

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് 24.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് പഞ്ചായത്ത് കമ്മിറ്റി 08.04.2019 തീയതിയിലെ 1(1)-ാം തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 06.06.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2705217 |
| വരവ് | 36688889 |
| ആകെ | 39394106 |
| ചെലവ് | 35300947 |
| നീക്കിയിരിപ്പ് | 4093159 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി. |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 8651000 | 8651000 | 8413101 | 2378 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1751000 | 1751000 | 1642802 | 1081 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 107000 | 107000 | 101045 | 5955 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3578000 | 3578000 | 3113605 | 4643 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 1890731 | 8892 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5604293 | 5604293 | 4015000 | 1589 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14740707 | 14740707 | 14740707 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 265005 | 310073 | 575078 | 563804 | 1127 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | 264762 | 224375 | 489137 | 224375 | 3445 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | 166549 | 1789952 | 1956501 | 130000 | 1826 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -138791 | 1372973 | 1234182 | 1252262 | -180 |
| | ജില്ലാ പഞ്ചായത്ത് | 0 | 785736 | 785736 | 785736 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 0 | 480 | 480 | 480 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1767108 | 3443271 | 5210379 | 3068097 | 2142 |
| | ജനറൽ പർപ്പസ് അക്കൗണ്ട് | 250333 | 5275295 | 5525628 | 4593918 | 9317 |
| മറ്റിനം | കൈയ്യിരുപ്പ് പണം | 48043 | 11788 | 59831 | 48043 | 1178 |
| | സ്ഥിര നിക്ഷേപം | 1014185 | 162270 | 1176455 | 0 | 1176 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 32457597 | 112 | 24408266 | 28 | 9 | 75.8 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 265005 | 310073 | 575078 | 563804 | 11274 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14740707 | 14740707 | 14740707 | 0 |
| മെറ്റീരിയൽസ് | 0 | 0 | 0 | 0 | 0 |
| ആകെ | 265005 | 15050780 | 15315785 | 15304511 | 11274 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്ന

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 480 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 409200 | 34 |
| വിധവാപെൻഷൻ | 4431400 | 372 |
| വാർദ്ധക്യകാലപെൻഷൻ | 14328400 | 1127 |
| വികലാംഗപെൻഷൻ | 1919500 | 149 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 132000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരി 19.12.2019 03.15 pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നട<u>ത്തു</u>കയുണ്ടായി. പരിശോധനയിൽ 53 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല**

**എ)ആസ്തി രജിസ്റ്റർ**

ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടേയും ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

**ബി)ഡെപ്പോസിറ്റ് പ്രവൃത്തികളുടെ രജിസ്റ്റർ**

പ്രസ്തുത പ്രവൃത്തികളുടെ രജിസ്റ്റർ എഴുതിയിട്ടുള്ളത് പൂർണ്ണമല്ല. വാർഷിക കണക്കിലെ തുകകളും രജി കണക്കുകളും പൊരുത്തപ്പെടുന്നില്ല. വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്ത പ്രോജക്ടുകളുടെ വർഷം ത വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരണ വിവരം രേഖ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

**സി)തെരുവ് വിളക്കുകളുടെ രജിസ്റ്റർ**

വാങ്ങുന്ന ഉപകരണങ്ങളുടെ വിവരം യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നു അൺസർവ്വീസബിൾ ആയ തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഇല്ല. രണ്ട് രജി തയ്യാറാക്കേണ്ടതും രജിസ്റ്ററിലെ വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും കണക്കുകളെ ആധാരമാക്കി ആവശ്യമായ എണ്ണം തെരുവ് വിളക്കുകൾ വാങ്ങേണ്ടതുമാണ്. വാങ്ങേണ്ട വിളക്കുകളുടെ എണ്ണം നിർണ്ണയിക്കുന്നതിനായി പഞ്ചായത്ത് പ്രദേശത്തെ എല്ലാ പോസ്റ്റുകളുടേയും എണ്ണം അടിസ്ഥാനത്തിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.09.2019മുതൽ 18.09.2019 വരെ | 05/2019 മുതൽ 08/2019 വരെ | 11.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.2015 മുതൽ 30.03.2015 വരെ | 2009-10മുതൽ 2013-14 വരെ | 17.06.2015 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയി അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജില്ലാസഹകരണബാങ്ക് അക്കൗണ്ട് (നമ്പർ 1, കോഴഞ്ചേരി ബ്രാഞ്ച്) മുൻ വർഷത്തെ നീക്കി തൻവർഷത്തെ മുന്നിരിപ്പും തമ്മിൽ 2412 രൂപയുടെ വ്യത്യാസം ഉണ്ട്.

2. തൻവർഷത്തെ വികസന ഫണ്ടിനത്തിലുള്ള Capital Expenditure ഷെഡ്യൂൾ B3 -ൽ ഉൾപ്പെടുത്തിയിട്ടി

3. തൊഴിലുറപ്പ് പദ്ധതിയുടെ EFMS Expenditure 14740707 രൂപയും ഭരണച്ചെലവ് 217500 രൂപയും ഇതനുസരിച്ച് ആകെ ചെലവ് 14958207 എന്നാണ് കണക്കാക്കേണ്ടത്. എന്നാൽ I 14(a), I 6

ഷെഡ്യൂളുകളിലെ തുകകൾ ഇതുമായി പൊരുത്തപ്പെടുന്നില്ല.

4. ഐ.സി.ഡി.എസ് കേന്ദ്രവിഹിതം ഇനത്തിൽ തൻവർഷത്തെ ചെലവ് 144546 ആണ്. എന്നാൽ RF ഇത് 177333 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തെറ്റാണ്.

5. ശുചിത്വമിഷൻ ഫണ്ട് ഇനത്തിൽ മുന്നിരിപ്പ്, വരവ് എന്നിവ യഥാക്രമം 166549 രൂപയും 1789952 ആണ്. ചെലവ് 130000 രൂപയാണ്. ഇതനുസരിച്ച് നീക്കിയിരിപ്പ് 1826501 രൂപ ആയാണ് കണക്കാ എന്നാൽ ഷെഡ്യൂൾ B4 ൽ കാണിച്ചിട്ടുള്ള നീക്കിയിരിപ്പ് തെറ്റാണ്.

6. കേരളോത്സവം ഗ്രാന്റ് ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയായ 22002 രൂപ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

7. സംയുക്തപദ്ധതി - ജില്ലാപ്പഞ്ചായത്ത് വിഹിതം ഇനത്തിൽ 2017-18 ൽ 447100 രൂപ നീക്കിയിരിപ്പ് തുക തൻവർഷം ചെലവഴിച്ചിട്ടില്ല. 2018-19 ൽ ലഭിച്ച 785736 രൂപ തൻവർഷം ചെലവഴിച്ചു. എന്നാൽ B4 ൽ നീക്കിയിരിപ്പ് 796856 എന്ന് കാണിച്ചിട്ടുള്ളത് തെറ്റാണ്. ഷെഡ്യൂൾ I6 ൽ ചെലവ് കാ തെറ്റായാണ്.

8. ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള നീക്കിയിരിപ്പ് ഷെഡ്യൂൾ B4 ൽ കാണിച്ചിട്ടില്ല.

9. തൻവർഷം റോഡ് കോൺക്രീറ്റിംഗ് ഇനത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഷെഡ്യൂൾ B ഉൾപ്പെടുത്തിയിട്ടില്ല.

10. തൻവർഷം കലുങ്ക് നിർമ്മാണത്തിന് 433502 രൂപ ചെലവുണ്ട്. എന്നാൽ ഷെഡ്യൂൾ B11 ലെ ആ ഇതനുസരിച്ച് പൊരുത്തപ്പെടുത്തിയിട്ടില്ല.

11. തൻവർഷം ഫർണിച്ചർ, കംപ്യൂട്ടർ എന്നിവ വാങ്ങിയതിന് ആകെ 362355 രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ ഷെഡ്യൂൾ B11 ൽ 117665 രൂപ മാത്രമാണ് മുന്നിരിപ്പിനോടൊപ്പം കൂട്ടിയെടുത്ത

12. 2017-18 AFS പ്രകാരം Other fixed assets 761783 രൂപ ആണ്. തൻവർഷം ഈയിനത്തിൽ ചെല എന്നാൽ വാർഷിക കണക്കുകളിലെ ഷെഡ്യൂൾ B11 ൽ മുന്നിരിപ്പിനൊപ്പം 442431 രൂപ കൂട്ടിയെടുത്ത ഇതുമായി പൊരുത്തപ്പെടുന്നില്ല.

13. AFS ലെ ഷെഡ്യൂൾ I-1 പ്രകാരം Property Tax Current ഇനത്തിൽ ആകെ ഡിമാന്റ് 2000335 ഉ Current Collection 1641865 ഉം ആണ്. ഇത് "സഞ്ചയ " പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെ Property Tax Residential – Current, Non Residential -Current എന്നീ ഇനങ്ങളിൽ ഷെഡ്യൂൾ I കാണിച്ചിട്ടുള്ള തുക "സഞ്ചയ " -യുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

14. AFS ലെ ഷെഡ്യൂൾ B-15 പ്രകാരം Receivables for Property Tax – arrear 156376 ആണ്. "സഞ്ചയ" പ്രകാരം ഇത് 49980 ആണ്.

15. AFS ലെ ഷെഡ്യൂൾ RP -7പ്രകാരം വികസനഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഫണ്ട് റോഡിതരം എന്നീ ഇനങ്ങളിലെ വരവുകൾ " സുലേഖ " ചെലവുപത്രിക പ്രകാരമുള്ള കണക്കു പൊരുത്തപ്പെടുന്നില്ല.

| ഇനം | ഷെഡ്യൂൾ RP -7 പ്രകാരമുള്ള തുക | " സുലേഖ " ചെലവുപത്രിക പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 8393101 | 8413101 |
| ടി - എസ്.സി.പി | 1560802 | 1642802 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2850592 | 3113605 |

| | | |
|---|---|---|
| ടി - റോഡിതരം | 1690731 | 1890731 |

16. ഷെഡ്യൂൾ B-17പ്രകാരം സ്ഥിരനിക്ഷേപം (പലിശ ഉൾപ്പെടെ) ഇനത്തിൽ നീക്കിയിരിപ്പ് 1014185 എന്നാൽ ഈ ഇനത്തിലുള്ള പലിശ RP – 8 ൽ കാണിച്ചിട്ടില്ല. ബാങ്ക് ബാലൻസിൽ നിലനിൽക്കുന നിക്ഷേപത്തുക ബി7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 അനധികൃത മതിൽ നിർമ്മാണം - തുടർനടപടികൾ പൂർണ്ണമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ കാട്ടൂർപേട്ടയിൽ പള്ളിക്കൽ താഴിയിൽ സുലൈമാൻ, പീടികയിൽ ഇബ്രാഹ പുത്തൻവീട്ടിൽ സലിം എന്നിവരുടെ വീടിന്റെ മുൻവശത്തു കൂടെയുള്ള പി.ഡബ്ല്യു.ഡി റോഡിനോട് പഞ്ചായത്തിന്റെ അനുമതിയില്ലാതെ മതിൽ പണിതതായി വിവരാവകാശ രേഖകൾ പരിശോധിച്ചതിര വ്യക്തമായി (അപേക്ഷ നം.സി5/2118/ 11.07.2018 ന് 03.08.2018ൽ ഇതേ നമ്പരായി സെക്രട്ടറി ( മറുപടി). പ്രസ്തുത അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് നൽകിയ അന്വേഷണക (നം.18/27.12.2019) ടി നിർമ്മാണം പുറമ്പോക്ക് ഭൂമിയിലാണോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തു റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത മതിൽ പുറമ്പോക്കില ബോദ്ധ്യപ്പെടുന്നപക്ഷം ആയത് പൊളിച്ചുനീക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറ നൽകിയിട്ടുണ്ട്. മതിൽ ടി വ്യക്തികളുടെ ഉടമസ്ഥതയിലാണെന്ന് ബോദ്ധ്യപ്പെട്ടാൽ നിയമാനു ക്രമവത്കരണ ഫീസ് ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടു വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

### 1) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ . പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന ( ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്ക് കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതില ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വ വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാ തിരിച്ചിട്ടുണ്ടെങ്കിലും 100ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നിശ്ചയിക്കേണ്ടതാണ്.

ഇപ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ താഴെപ്പറയുന്ന, ഒരേ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തു കുറവായാണ് ഈടാക്കിയിരിക്കുന്നത്. ടി കടമുറികളുടെ ആകെ വിസ്തീർണ്ണം 100ച.മീറ്ററിൽ കൂടുതലായ എല്ലാ കടമുറികൾക്കും 55രൂപ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു.

<u>അടിസ്ഥാന വസ്തു നികുതി നിരക്ക് -</u>

(വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ)

100 ച.മീ. വരെ വിസ്തീർണ്ണമുള്ളവ - 30 രൂപ 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ളവ - 55 രൂപ

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട നികുതിനിരക്ക് |
|---|---|---|---|---|---|
| 1 | 2/159 A | ശ്രീ. ചാക്കോ ജോൺ വാഴക്കുന്നത്ത് വീട് ചെറുകോൽ | 22.53 | 30 | 55 |
| | 2/159 B | | 22.53 | | |
| | 2/159 C | | 22.53 | | |
| | 2/159 D | | 22.53 | | |
| | 2/159 E | | 97.08 | | |
| | **ആകെ** | | **187.2** | | |
| 2 | 2/266 B | ശ്രീ. പി.എ.ഫിലിപ്പോസ് & ഓമന ഫിലിപ്പോസ് പാറാടിയിൽ കാട്ടൂർ | 55.51 | 30 | 55 |
| | 2/266 C | | 36.72 | | |
| | 2/266 D | | 36.72 | | |
| | 2/266 E | | 36.72 | | |
| | 2/266 F | | 36.72 | | |
| | 2/266 G | | 36.72 | | |
| | **ആകെ** | | **239.11** | | |
| 3 | 4/229A | സെക്രട്ടറി സർവീസ് സഹകരണ ബാങ്ക്, വയലത്തല | 189.54 | 30 | 55 |
| | 4/229 B | | 47.25 | | |
| | **ആകെ** | | **236.79** | | |
| 4 | 11/112 A | ശ്രീമതി.അൻസൽന അരീക്കൽ കാട്ടൂർപേട്ട | 52.68 | 30 | 55 |
| | 11/112 B | | 52.68 | | |
| | **ആകെ** | | **105.36** | | |

2) **ബാധകമായതിലും കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു.**

100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എ അടിസ്ഥാന വസ്തുനികുതി 55 രൂപ നിരക്കിലാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയ സോഫ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് 30 രൂപ (100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോ ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ നിരക്ക്) നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 7/166 A | ശ്രീ.ജോർജ് മാത്യു കുഴിക്കാലായിൽ മഞ്ഞപ്രമല | 114.5 ച.മീ | 30 | 55 |
| 2 | 10/395 | ശ്രീ.ഭാസ്കരൻ നായർ മുണ്ടേത്ത് ചെറുകോൽ.പി.ഒ | 105 ച.മീ | 30 | 55 |
| 3 | 13/140 A | ശ്രീ.ഫിലിപ്പോസ് പുളിക്കത്തറ ചെറുകോൽ | 138.49 ച.മീ | 30 | 55 |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾക്ക് വിശദ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/21.12.2019), സഞ്ചയയിൽ മാറ്റം നികുതി പുനർ നിർണ്ണയിക്കുന്നതും ടി വിവരം കെട്ടിട ഉടമകളെ അറിയിച്ച് നികുതി അടവാക്കാൻ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തു നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കുന്നതി വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ നിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

## 1-14 ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, വാഴക്കുന്നം ശ 37047131038 നമ്പരായി ഗ്രാമ പഞ്ചായത്ത് ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയാ ഓൺലൈൻ വസ്തുനികുതിയുള്ള സോഫ്റ്റ് അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 13.09.2018 | 667 | 26.09.2018 |
| 27.09.2018 | 1098 | 08.10.2018 |
| 24.11.2018 | 1198 | 06.12.2018 |
| 21.01.2019 | 396 | 05.02.2019 |
| 26.01.2019 | 1235 | 05.02.2019 |
| 13.02.2019 | 1160 | 12.03.2019 |
| 21.02.2019 | 5526 | 08.03.2019 |
| 24.02.2019 | 2044 | 23.03.2019 |
| 05.03.2019 | 9777 | 23.03.2019 |

ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ സാംഖ്യയിലെ വസ്തുനികുതി കണക്കുകളും സഞ്ച കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. 19.03.2019 മുതൽ 31.03.2019 വരെയുള്ള തീയ ഇപ്രകാരം അടവാക്കിയ തുകകൾ 2019-20 സാമ്പത്തിക വർഷമാണ് പഞ്ചായത്തിന് ലഭ്യമായത്. ഗൗരവമ പ്രശ്നം പഞ്ചായത്ത് അധികൃതരുടേയും ഡി.ഡി.പിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തു ഈടാക്കിയിട്ടില്ല.

| ക്രമനം. | ടവർ/ കെട്ടിട ഉടമയുടെ വിവരം | വാർഡ് നം./ കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | നികുതി തുക(രൂ) |
|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ / ശ്രീ.ടി.ജെ.മാത്തുക്കുട്ടി തോട്ടത്തിൽ,കീക്കൊഴൂർ | 6/191 | 6.864ച.മീ | 3776 |

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട് (ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവ ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇത 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013ൽ പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ടി ടവറിന്റെ പ നിരക്കിലുള്ള നികുതി ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/27.12.2019) നൽകിയ മറുപടി മൊബൈൽ ടവർ ഉടമയിൽ നിന്നും 2013 മുതലുള്ള നികുതി അടവാക്കുന്നതിന് റവന്യൂ റിക്കവറി നട സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി ഈടാക്കി വിവരം ഓ ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി പിരിവ് - സഞ്ചയ സോഫ്റ്റ്‌വെയർ, സാംഖ്യ എന്നിവയിൽ വ്യത്യാസം നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ, സാംഖ്യ എന്നിവയിലെ ഡിമാന്റ്, കളക്ഷൻ തു താഴെപ്പറയുന്ന വ്യത്യാസം ഉണ്ട്.

| | സഞ്ചയ | | സാംഖ്യ | | വ്യത്യാസം | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| Residential(Current) | 1375249 | 1191790 | 1375249 | 1237470 | 0 | -45680 |
| Non-Residential(Current) | 625086 | 578918 | 625086 | 404395 | 0 | 174523 |
| Residential(Arrear) | 328190 | 274799 | 192788 | 273005 | 135402 | 1794 |
| Non-Residential(Arrear) | 155051 | 84176 | 137975 | 61304 | 17076 | 22878 |

സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളിലെ വ്യത്യാസത്തിന് വിശദ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/27.12 സാംഖ്യയിൽ തുക വരവ് വരുത്തുമ്പോൾ റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ഇനംതിരിക്കാത്തതിനാലാണ് ഇപ്രകാരം വ്യത്യാസം വരുന്നതെന്നും ആയത് ജേർണൽ എൻ പരിഹരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട് . അപാകത പരിഹരിച്ച് ഓ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽനികുതി പിരിവിലെ അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോല ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 അനുശാസിക്കുന്നു.

2018-19 വർഷത്തെ തൊഴിൽനികുതി പിരിവ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തിക വർ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം ഇപ്രകാര

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ചക്കിട്ടയിൽ ഫർണ്ണിച്ചർ&സോമിൽ | 6 |
| 2 | എ ടു ഇസഡ് എഞ്ചിനീയറിംഗ് വർക്ക്സ്,ചെറുകോൽ | 6 |
| 3 | കെ.ബി.ഗ്രീൻ ബാഗ്സ് | 5 |

2. പഞ്ചായത്ത് പരിധിയിലുള്ള 8 റേഷൻ കടകളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടില്ല.
3. നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എ കണ്ടെത്താനായി എല്ലാ ഗാർഹികേതര കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കു വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടില്ല.

തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ന ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം.19/27.12.2019) മറുപടിയായി, ഇവരിൽ നിന്ന് തൊഴിൽനികുതി ഈ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തേ സ്ഥാപന ഉടമകളിൽ നിന്നും സ്ഥാപനത്തിലെ തൊഴിലാളികളുടെ അർദ്ധവാർഷിക വരുമാനം സം റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പില
നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-18 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോല ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടു താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ശ്രീ.സുരേഷ് കുമാർ
2. ശ്രീ.സതീഷ് കുമാർ.വി
3. ശ്രീ.അനൂപ്.ജെ.ഗീവർഗീസ്
4. ശ്രീ.ജോബി ജോൺ
5. ശ്രീ.മോഹനചന്ദ്രൻ
6. ശ്രീ.ശ്രീകുമാരൻ നായർ
7. ശ്രീ.സി.എസ്.പ്രസാദ്
8. ശ്രീ.എബ്രഹാം തോമസ്

മേൽപ്പറഞ്ഞ വ്യക്തികൾ സമീപ പഞ്ചായത്തുകളിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആ രസീത് പരിശോധനയ്ക്ക് ഹാജരാക്കുകയോ ടി.വ്യക്തികൾ പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ നിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-19 വിവരസാങ്കേതിക വകുപ്പിന്റെ "Right of Way"അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈ കേബിൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകി

ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 15/10/2018-ലെ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 7/ തീരുമാനപ്രകാരം റിലയൻസ് ജിയോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഒപ്റ്റിക്കൽ ഫൈബർ ( സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകിയ റോഡിന്റെ വിവരം ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | നീളം(കി.മി) |
|---|---|
| ചമതയ്ക്കൽ ജംഗ്ഷൻ മുതൽ ചെറുകോൽ പഞ്ചായത്തിന്റെ അതിർത്തി വരെയുള്ള റോഡ് | 0.75 |

സംസ്ഥാനത്തെ ദേശീയപാത, പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, മറ്റ് പൊതുസ്ഥാ എന്നിവയുടെ അധികാരപരിധിയിലുള്ള റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്ക ടെലികോം കമ്പനികൾക്ക് സംസ്ഥാന വിവര സാങ്കേതിക വകുപ്പിൽ നിന്നുള്ള "Right of Way" ആവശ്യമാണ്. ചെറുകോൽ പഞ്ചായത്തിലെ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്ക റിലയൻസ് ജിയോയ്ക്ക് "Right of Way"(ROW) അനുമതി ലഭിച്ചിട്ടില്ല .

ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് "Right of Way" അനുമതി നൽകുന്നത് സം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 15.09.2015-ലെ ജി.ഒ.(എം.എസ്.)നം.39/2015/ITD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ROW അനുമതിയ്ക്കുവേണ്ടി കമ്പനി കിലോമീറ്ററിന് 75000/-രൂപ ന ഒറ്റത്തവണ വിഹിതം സർക്കാരിൽ അടയ്ക്കുകയും മീറ്ററിന് 50/- രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി നൽകേണ്ട കൂടാതെ പഞ്ചായത്തുമായി കമ്പനി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുമാണ്. എഗ്രിമെന്റ് തീയതി മുതൽ 15 അല്ലെങ്കിൽ കമ്പനിയുടെ ലൈസൻസ് കാലാവധി അവസാനിക്കുന്നതുവരെ ഇതിൽ ഏതാണോ സംഭവിക്കുന്നത് അതുവരെ മാത്രമാണ് ROW അനുമതിയ്ക്ക് പ്രാബല്യമുള്ളത്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക (നം.22/27.12.2019) "Right of Way" അനുമതിയ്ക്കായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 28. ൽ സംസ്ഥാന വിവരസാങ്കേതിക വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഒ അറിയിക്കുന്നതാണെന്നുമാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിരിക്കുന്നത്. നിലവിൽ ആരംഭിച്ചിട്ടില്ലാത്തതിനാൽ സർക്കാരിൽ നിന്ന് "Right of Way" അനുമതി ലഭ്യമായതിനുശേഷമാണ് ഒ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്. ഒറ്റത്തവണ വിഹിതമി ബാങ്ക് ഗ്യാരണ്ടിയിനത്തിലും സർക്കാരിനു ലഭിക്കേണ്ടതായ തുകകൾ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തു അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടേയും പ്രത്യേക തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

## 1-20 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബ പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈ രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എട്ട് റേഷൻ കടകളിൽ ഒന്നു തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. റേഷൻ വ്യാപാരികളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കിയിട്ടില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019ലെ സി.എ 764/2019-ാംനമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പരിധിയിലെ മുഴുവൻ റേഷൻ ലൈസൻസ് എടുക്കുന്നുവെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

## 1-21 ഭൂവികസനപെർമിറ്റ് ഫീസിലെ കുറവ് - തുക ഈടാക്കി

സർവേ നമ്പർ 8/6-1 ൽ ശ്രീ.ജേക്കബ് തോമസ്, പാലയ്ക്കൽ, കീക്കൊഴൂർ.പി.ഒ, റാന്നി എന്ന വ്യക്തിയുടെ ( വീട് പണിയുന്നതിനായി 2.34 ആർ സ്ഥലത്തെ മണ്ണ് മാറ്റേണ്ടതാണെന്ന് എൽ.എസ്.ജി.ഡി അ എഞ്ചിനീയർ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ 1.8 ആർ സ്ഥലത്തിന്റെ പെർമിറ്റ് മാത്രമാണ് ഈടാക്കിയത് (രസീത് നം. 118050101033/28.09.2018 തുക.450). ഇപ്രകാരം കുറവായി ഫീസ് ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിനെത്തുടർന്ന് (നം.17/27.12.2019) ഈടാക്കാൻ അവശേഷിച്ചിരുന്ന 135രൂപ (0.54x വ്യക്തിയിൽ നിന്ന് രസീത് നം.119050102375/27.12.2019 പ്രകാരം അടവാക്കി. അസിസ്റ്റന്റ് എഞ്ചി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീസ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ട

## 1-22 ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം

ഓഡിറ്റ് വർഷം മെയിന്റനൻസ് ഫണ്ട്(റോഡിതരം) 8.89 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് ചെലവഴ ലാപ്സാക്കിയത്. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിക്ക് ആവശ്യമായിരിക്കെയാണ് ഇപ്രകാരം തുക ലാപ്സാക്കിയത്.

എ) **<u>സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല</u>**

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ ഗവ: യു.പി സ്കൂൾ ചെറുകോൽ, ഗവ: എൽ.പി സ്കൂൾ കീക്കൊഴൂ സർക്കാർ സ്കൂളുകൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്ക

1. <u>ഗവ: യു.പി സ്കൂൾ, ചെറുകോൽ</u>

സ്കൂളിന് നിലവിൽ 3 കെട്ടിടങ്ങളാണ് ഉള്ളത്. അതിൽ ഒരു കെട്ടിടത്തിന്റെ അവസ്ഥ ശോചനീയമാ വർഷത്തിന് മേൽ പഴക്കമുള്ള ഈ വിദ്യാലയത്തിലെ ഏറ്റവും പഴയ കെട്ടിടമാണിത്. തറ പൊട്ടിപ്പൊ മേൽക്കൂര ജീർണ്ണിച്ച് മഴക്കാലത്ത് ചോർന്നൊലിച്ചും കെട്ടിടം നാശത്തിന്റെ വക്കിലാണ്. കെട്ട മെയിന്റനൻസ് സാധ്യമല്ല. മറ്റൊരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ SSA മുഖേന നടത്തിവരുന്നു. ഓ സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി റൂമുകൾ എന്നിവ പ്രവർത്തിക്കുന്ന മൂന്നാമത്തെ കെട്ടിടത്തിലെ ഒരു അങ്കണവാടിയും പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് റൂമിന്റെ മേൽക്കൂര 2016-17 സാമ്പത്തിക ഗ്രാമപഞ്ചായത്ത് 175000 രൂപ ചെലവഴിച്ച് സീലിംഗ് നടത്തിയിട്ടുണ്ടെങ്കിലും ഇത് ഇളകിയ അവസ്ഥ കൂടാതെ ഫർണ്ണീച്ചറുകൾ അപര്യാപ്തമാണ്.

1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലായി 71 വിദ്യാർത്ഥികളും പ്രീ പ്രൈമറി വിഭാഗത്തിലെ 15 കുട്ടികളും ഉ ആകെ 86 കുട്ടികൾ ഉള്ള ഈ സ്കൂളിൽ പെൺകുട്ടികൾക്ക് പ്രത്യേകം ടോയ്‌ലറ്റ് കോംപ്ലക്സ് ഉ ആൺകുട്ടികൾക്ക് യൂറിനൽ സൗകര്യം ഇല്ല. കൂടാതെ പാചകപ്പുരയ്ക്ക് സ്ഥലസൗകര്യം തീരെ കുറവാണ്.

2. <u>ഗവ: എൽ.പി സ്കൂൾ കീക്കൊഴൂർ</u>

സ്കൂളിന്റെ 2 കെട്ടിടങ്ങളിൽ ഒരെണ്ണത്തിന്റെ മേൽക്കൂര ആസ്ബറ്റോസ് നിർമ്മിതമാണ്. പൊതുവിദ്യാഭ്യാ വകുപ്പിന്റെ 09.10.19ലെ ഉത്തരവ് (ജി.ഒ (എം.എസ്) 162/19 ) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ക സ്കൂളുകളിൽ നിന്നും കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാവുന്ന ആസ്ബറ്റോസ് ഷീറ്റുകൾ അടിയന്ത നീക്കം ചെയ്യേണ്ടതാണെന്നും, പകരം അനുയോജ്യമായവ സ്ഥാപിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. ഉത്തരവ് നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ ആരംഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം 500000 രൂപ ചെലവഴിച്ച് സ്കൂളിന്റെ ഒരു കെട്ടിടത്തിന് ( നടത്തിയിട്ടുണ്ടെങ്കിലും നിലവിൽ സീലിംഗ് ഇളകി കുട്ടികളുടെ മേൽ വീഴുന്ന അവസ്ഥയിലാണ്. ഓഫീസ സ്കൂളിന്റെ വരാന്തയും മഴ പെയ്താൽ ചോർന്നൊലിക്കുന്ന നിലയിലാണ്. 2015-16 സാമ്പത്തിക വർഷം 1

രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ റൂം സജ്ജീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകൾ ഒന്നും ഇവിടെയില്ല. മാത്രവുമല്ല ഈ റൂമിന്റെയും സീലിംഗ് ഇളകിയിട്ടുണ്ട്.

1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി 25 കുട്ടികളും പ്രീപ്രൈമറി വിഭാഗത്തിലെ 10 കുട്ടികളും ഉ 35കുട്ടികൾ ഇവിടെയുണ്ട്. കൊച്ചുകുട്ടികളുടെ മാനസിക ശാരീരിക വളർച്ചയ്ക്കും ഉല്ലാസത്തിനും ആറ കലാകായിക പരിശീലനങ്ങളൊന്നും തന്നെ ഇവിടെ ലഭിക്കുന്നില്ല. കുട്ടികളുടെ ടോയ്‌ലറ്റ്, യൂറിനൽസ് തന്നെ വളരെ പഴക്കം ചെന്നവയാണ്. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള മുറി തീരെ ചെറുതാണ്.

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നട സ്വീകരിക്കേണ്ടതാണ്.

ബി)**<u>ആധുനിക പഠന സംവിധാനങ്ങളിലെ കുറവ്</u>**

സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും സ്മാർട്ട്ക്ലാസ്സ് റൂം ഒരുക്കുന്നതിന്റെ ഭാഗമായി 18.1( സർക്കാർ ITS/2012/10/14deepa00(4) -ാം നമ്പരായി വിവരശേഖരണം നടത്തിയിരുന്നു. ചെ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ ഗവ: യു.പി സ്കൂൾ ചെറുകോൽ, ഗവ: എൽ.പി സ്കൂൾ കീക്കൊഴൂർ സർക്കാർ സ്കൂളുകളിൽ ഒരു സ്മാർട്ട്ക്ലാസ്സ്റൂം പോലും ഇല്ല. ആധുനിക രീതിയിലുള്ള പഠന സംവിധാ പ്രദേശത്തെ സാധാരണസാമ്പത്തികസ്ഥിതി നിലവാരത്തിലുള്ള കുട്ടികൾക്ക് കൂടി ലഭിക്കുന്നതിന് ഗ്രാമപ താല്പര്യം കാട്ടുന്നില്ല. സ്മാർട്ട് ക്ലാസ്സ് മുറികൾ ഒരുക്കി വിദ്യാർത്ഥികളുടെ ബൗദ്ധിക നിലവാരം മെച്ചപ്പെടുത്തു അദ്ധ്യയനം മെച്ചപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി)**<u>അടിസ്ഥാന സൗകര്യങ്ങളില്ലാതെ മൃഗാശുപത്രി പ്രവർത്തിക്കുന്നു</u>**

ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറി സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭൗതിക സാഹചര്യങ്ങൾ തീരെ അപര്യാപ്തമാണ്. നിലവിൽ ഈ കെട്ടിടത്തിന്റെ ജനൽപാളികൾ നിലയിലാണ്. ഡിസ്പെൻസറി ഇ-ഓഫീസ് ആക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ ആവശ്യമാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. കാട്ടൂർ, കീക്കൊഴൂർ എന്നിവിടങ്ങളിൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വെറ്ററിനറി സബ്സെന്ററുകളിലും ഫർണ്ണിച്ചർ, കുടിവെള്ളം തുടങ്ങിയ അ സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു. പ്രളയത്തിൽ കീക്കൊഴൂർ സബ്സെന്ററിന്റെ മേൽക്കൂര നിലയിലാണ്. ടി സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നട അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ഡി)**<u>എൻ.ആർ.എച്ച്.എം( ആയുഷ്) ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തം കെട്ടിടം ഇല്ല</u>**

ഗ്രാമപഞ്ചായത്തിൽ 10 -ാം വാർഡിൽ അന്ത്യാളൻകാവിൽ തോട്ടുങ്കൽപടിയിൽ വാടകക്കെട്ടിടത്തിൽ പ്ര വരുന്ന എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പൻസറിക്ക് നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിട വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പൻസറിയുടെ വാടക നിശ്ചയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ വാടക നൽകിയിട്ടില്ല. ഡിസ്പൻ സമീപമുള്ള പി.ഐ.പിയുടെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും വിട്ടുകിട്ടുന്നതിന് നട സ്വീകരിക്കുന്നതിന് 07.01.19 ൽ 6(2)-ാംനമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ജനറൽയോ തീരുമാനമെടുത്തിട്ടുണ്ട്. ഹോമിയോ ഡിസ്പൻസറിയുടെ വാടക നൽകുന്നതിനും സ്വന്തം കെട്ടിടം ലഭ്യമാക്കു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ ഇല്ല

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ 15 അങ്കണവാടികളിൽ 9 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്ത ഒരു അങ്കണവാടി ചെറുകോൽ ഗവ: യു.പി സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ബാക്കിയുള്ള 5 അങ്കണ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അങ്കണവാടി കെട്ടിടങ്ങളുടെ വാടകയിനത്തിൽ കേന്ദ്രസർ

നിന്നു ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം അതത് തദ്ദേശഭരണസ്ഥാ വഹിക്കേണ്ടതാണെന്ന 22.03.11 ലെ 31055/ഡി.സി 2/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിക്കുന്നു. നിലവ രൂപയാണ് കേന്ദ്രസർക്കാരിൽ നിന്നും വാടകയിനത്തിൽ ലഭിക്കുന്നത്. ഇതിൽ അധികമായി നൽകു അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. വാടകയിനത്തിൽ വേണ്ട അധികതുക അങ്കണവാടി ജീവനക്കാരാണ് നൽകി വരുന്നത്.

